# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2714 — 12.10.2011 ൽ മറുപടിയ്ക്ക്

## നബാർഡിൽ നിന്നുള്ള ധനസഹായം

**ചോദ്യം** — ശ്രീ. എം. ഹംസ

**മറുപടി** — ശ്രീ. സി. എൻ. ബാലകൃഷ്ണൻ (സഹകരണ വകുപ്പ് മന്ത്രി)

(എ) നബാർഡിൽ നിന്ന് വകുപ്പിന് 2006 – 2011 കാലഘട്ടത്തിൽ എന്തു തുക ധനസഹായം അനുവദിച്ചു; ഓരോ വർഷവും അനുവദിച്ച തുകയുടെ വിശദാംശം ലഭ്യമാക്കാമോ;

(എ) നബാർഡിൽ നിന്നും 2006 – 2011 കാലഘട്ടത്തിൽ വകുപ്പിന് ലഭിച്ച ധനസഹായത്തിന്റെ വിവരം താഴെ പറയുന്നു.

(രൂപ കോടിയിൽ)

| വർഷം | കേരള സംസ്ഥാന സഹകരണ ബാങ്ക് മുഖേന പുനർ വായ്പ | കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് മുഖേന | | NRC LTO | RIDF പദ്ധതി |
|---|---|---|---|---|---|
| | | ഹ്രസ്വ കാല വായ്പ | ദീർഘ കാല വായ്പ | | |
| 2006-07 | 264.19 | 62.70 | 95.76 | 191.55 | - |
| 2007-08 | 545.00 | 55.48 | 85.53 | 200.00 | - |
| 2008-09 | 113.00 | 45.51 | 290.15 | 227.71 | - |
| 2009-10 | - | 74.87 | 177.91 | 960.44 | - |
| 2010-11 | - | 44.41 | 215.87 | 852.37 | 46.60 (ലക്ഷം) |
| ആകെ | 922.19 | 282.97 | 865.22 | 2432.07 | 46.60 (ലക്ഷം) |

(ബി) ഓരോ വർഷവും ധനസഹായത്തിനായി ഏതെല്ലാം സ്ഥാപനങ്ങൾ ആണ് അപേക്ഷിച്ചത്; ആർക്കെല്ലാമാണ് ധനസഹായം

(ബി) റീഫൈനാൻസ് ഒഴികെ, കേരള സംസ്ഥാന കാർഷിക ഗ്രാമവികസന ബാങ്ക്, പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകൾ, ജില്ലാ സഹകരണ ബാങ്കുകൾ, പ്രാഥമിക സഹകരണ സംഘങ്ങൾ, എന്നിവയ്ക്ക് എൽ.റ്റി.ഒ. ഫണ്ടിൽ നിന്നും ധനസഹായത്തിന് അപേക്ഷിക്കുന്ന എല്ലാ സംഘങ്ങൾക്കും ധനസഹായം അനുവദിക്കാത്ത സാഹചര്യത്തിൽ, 2006-11 കാലയളവിൽ എൽ.റ്റി.ഒ. ഫണ്ടിൽ

| അനുവദിച്ചത്; വിശദാംശം ലഭ്യമാക്കാമോ; | അപേക്ഷിച്ച സംഘങ്ങളുടെ വിശദവിവരം ലഭ്യമാക്കുന്നതിന് പ്രായോഗികമായി ബുദ്ധിമുട്ടുണ്ട്. എന്നാൽ ടി കാലയളവിൽ നബാർഡിൽ നിന്നും ധനസഹായം ലഭിച്ച സംഘങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു. |
|---|---|

തുക ലക്ഷത്തിൽ

| | | 2006-07 | 2007-08 | 2008-09 | 2009-10 | 2010-11 |
|---|---|---|---|---|---|---|
| 1 | ജില്ലാ സഹകരണ ബാങ്കുകൾക്ക് ഓഹരി മൂലധനം (NRC - LTO) | 97.53 | - | 7.34 | 228 | 133 |
| 2 | കാർഷിക ഗ്രാമവികസന ബാങ്കുകൾക്ക് ഓഹരി മൂലധനം (NRC - LTO) | 50 | - | - | 555 | 555 |
| 3 | സംസ്ഥാന കാർഷിക ഗ്രാമ വികസന ബാങ്കിന് ഓഹരി മൂലധനം (NRC - LTO) | - | 200 | 200 | 50 | - |
| 4 | പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ഓഹരി മൂലധനം (NRC - LTO) | 2.89 | - | 20.37 | 127.43 | 164.37 |
| 5 | റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് ഫണ്ട് (RIDF) | - | - | - | - | 46.6 |

2009-10 വർഷത്തിൽ ആർ.ഐ.ഡി.എഫ്. പദ്ധതി പ്രകാരം വടകര സഹകരണ ആശുപത്രിയുടെ 252 ലക്ഷം രൂപയുടെയും മുക്കം ഇ.എം.എസ്. മെമ്മോറിയൽ കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ ആന്റ് റിസർച്ച് സെന്ററിന്റെ 200 ലക്ഷം രൂപയുടെയും കൊല്ലം ജില്ലാ സഹകരണ ആശുപത്രി സംഘത്തിന്റെ 500 ലക്ഷം രൂപയുടെയും ഒറ്റപ്പാലം താലൂക്ക് കോ-ഓപ്പറേറ്റീവ് എഡ്യൂക്കേഷണൽ സംഘത്തിന്റെ 352 ലക്ഷം രൂപയുടെയും കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷന്റെ 100 ലക്ഷം രൂപയുടെയും കൺസ്യൂമർഫെഡിന്റെ 300 ലക്ഷം രൂപയുടെയും അപേക്ഷകൾ സർക്കാരിൽ ലഭിച്ചിരുന്നു. എന്നാൽ ടി

അപേക്ഷകളിലെ ധനസഹായ തുക ഒരു കോടി രൂപയായി നിജപ്പെടുത്തി സമർപ്പിക്കുവാൻ 17.07.2010 ൽ സർക്കാർ നിർദ്ദേശിച്ചതിനുസരിച്ച് മേൽ പരാമർശിച്ചിട്ടുള്ളതിൽ കൊല്ലം ജില്ലാ സഹകരണ ആശുപത്രി സംഘം ഒഴികെയുള്ള അപേക്ഷകൾ വീണ്ടും സർക്കാരിൽ ലഭിക്കുകയുണ്ടായി. ഇതിൽ കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യുക്കേഷന് ഒരു കോടി രൂപയും വടകര സഹകരണ ആശുപത്രിക്ക് 90.95 ലക്ഷം രൂപയും മുക്കം ഇ.എം.എസ്. മെമ്മോറിയൽ കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ ആന്റ് റിസർച്ച് സെന്ററിന് 79.05 ലക്ഷം രൂപയും കൺസ്യൂമർഫെഡിന് 62.85 ലക്ഷം രൂപയും അനുവദിക്കുകയും ടി തുകയുടെ 20% തുക മൊബിലൈസേഷൻ അഡ്വാൻസായി 46.60 ലക്ഷം രൂപ 2010 -11 വർഷത്തിൽ അനുവദിക്കുകയുണ്ടായി.

2010-11 വർഷം കട്ടുത്തുരുത്തി ആശുപത്രി സഹകരണ സംഘത്തിന് 196 ലക്ഷം രൂപയുടെയും കേപ്പിന് 4.5 കോടി രൂപയുടെയും ധനസഹായത്തിനുള്ള പ്രൊപ്പോസലുകൾ സർക്കാരിന്റെ പരിഗണനയ്ക്കായി ലഭിച്ചിട്ടുണ്ട്.

| | | |
|---|---|---|
| (സി) | ഒറ്റപ്പാലം താലൂക്ക് എഡ്യുക്കേഷൻ സൊസൈറ്റി ധനസഹായത്തിനായി അപേക്ഷ സമർപ്പിച്ചിരുന്നോ; വിശദാംശം ലഭ്യമാക്കുമോ; | (സി) യും (ഡി) യും ഒറ്റപ്പാലം താലൂക്ക് എഡ്യുക്കേഷൻ സഹകരണ സംഘം ക്ലിപ്തം നം. പി. 908 ന്റെ കീഴിൽ പ്രവർത്തിക്കുന്ന ഒറ്റപ്പാലം കോ-ഓപ്പറേറ്റീവ് കോളേജ് ഓഫ് ആർട്സ് ആന്റ് സയൻസ് എന്ന വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കെട്ടിട നിർമ്മാണത്തിന് 3.52 കോടി രൂപ ധനസഹായത്തിനുള്ള അപേക്ഷ ലഭിച്ചിരുന്നു. സർക്കാർ നിർദ്ദേശ പ്രകാരം ധനസഹായം ഒരു കോടി രൂപയായി നിജപ്പെടുത്തിയിരുന്നു. എന്നാൽ ടി സൊസൈറ്റി റൂറൽ ഏരിയയിൽ അല്ലാത്ത കാരണത്താൽ സംഘത്തിന്റെ പ്രൊപ്പോസൽ നബാർഡ് നിരസിക്കുകയുണ്ടായി. |
| (ഡി) | സൊസൈറ്റിക്ക് ധനസഹായം അനുവദിച്ചുവോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വിശദീകരിക്കാമോ? | |

സെക്ഷൻ ഓഫീസർ